©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 മേയ് 05<br>05th May 2022<br>1197 മേടം 22<br>22nd Medam 1197<br>1944 വൈശാഖം 15<br>15th Vaisakha 1944 | നമ്പർ<br>No. 1460 |

### കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

### നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ-ആർ.ഡി2/35/2022-തസ്വഭവ. തീയതി, തിരുവനന്തപുരം, *2022 ഏപ്രിൽ 29.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി നെടുമങ്ങാട് മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോട്ടു കൂടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്ടിലെ (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ 91/2022/തസ്വഭവ തീയതി 23-04-2022 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : ആനാട് പഞ്ചായത്ത്.

കിഴക്ക് : അരുവിക്കര, തൊളിക്കോട്, വെള്ളനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ.

തെക്ക് : അരുവിക്കര, കരകുളം പഞ്ചായത്തുകൾ.

പടിഞ്ഞാറ് : വെമ്പായം പഞ്ചായത്ത്.

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ- ഇല്ല

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ- 05-07-1994-ൽ പ്രസിദ്ധീകരിച്ച 'സെൻട്രൽ ഏരിയ, നെടുമങ്ങാട്' വിശദ നഗരാസൂത്രണ പദ്ധതി.

സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - ഇല്ല

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - ഇല്ല

(മാസ്റ്റർ പ്ലാൻ അംഗീകൃതമാകുന്നതോടെ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 62(3) വകുപ്പ് പ്രകാരം, നിലവിലെ പ്രസിദ്ധീകൃത വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾക്ക് മേൽ അംഗീകൃത മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.)

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ, നെടുമങ്ങാട് മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.05 07:54:53 +05:30